II.ഇ.ബി. XII-കേരള നിയമസഭ/XI-3

**പന്ത്രണ്ടാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

**ചോദ്യോത്തരങ്ങൾ-സംഗ്രഹം**

2009 ജൂൺ 24, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

8 (*61 & *65) പകർച്ചവ്യാധി

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ) നൽകിയ മറുപടിയിൽ, ആലപ്പുഴ ജില്ലയിലെ കൈനകരി പഞ്ചായത്തിലേയും ആലപ്പുഴ മുനിസിപ്പൽ പ്രദേശങ്ങളിലേയും കോളറ ബാധിത പ്രദേശങ്ങൾ കേന്ദ്രസംഘം സന്ദർശിച്ച് സ്ഥിതിഗതികൾ വിലയിരുത്തിയിട്ടുണ്ടെന്നും ഇത് സംബന്ധിച്ച റിപ്പോർട്ട് സർക്കാരിന് ഇതുവരെ ലഭിച്ചിട്ടില്ലെന്നും സഭയെ അറിയിച്ചു. കൂടുതൽ കേന്ദ്ര സഹായം ലഭ്യമാക്കുന്നതിന് കേന്ദ്ര ആരോഗ്യവകുപ്പുമന്ത്രിയെ കാണുവാൻ ഉദ്ദേശിക്കുന്നുണ്ട്. സംസ്ഥാനത്ത് പകർച്ചവ്യാധികൾ നിയന്ത്രിക്കുന്നതിനുള്ള സംവിധാനം അപര്യാപ്തമാണെന്ന് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്മ്യൂണിക്കബിൾ ഡിസീസസ് വിലയിരുത്തിയിട്ടില്ല. പകർച്ചവ്യാധികൾ നിയന്ത്രിക്കുന്നതിന് ആരോഗ്യ വകുപ്പ് സംസ്ഥാനത്തുടനീളം നടത്തുന്ന ഊർജ്ജിത പ്രവർത്തനങ്ങളുടെ ഫലമായി കഴിഞ്ഞ പത്തുവർഷത്തെ അപേക്ഷിച്ച് കുറഞ്ഞതോതിലാണ് ഈ വർഷം

പകർച്ചവ്യാധികൾ റിപ്പോർട്ട് ചെയ്തത്. ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ മന്ത്രിയും സംസ്ഥാനതല ഉദ്യോഗസ്ഥരും പങ്കെടുത്തുകൊണ്ട് 13 ജില്ലകളിലും ആരോഗ്യ ജാഗ്രതാ പരിപാടി സംഘടിപ്പിച്ചു. പകർച്ചവ്യാധികൾ നിയന്ത്രിക്കുന്നതിനുവേണ്ടി ജില്ല/ബ്ലോക്ക്/ഗ്രാമ/മുനിസിപ്പൽ വാർഡ്തലം വരെ വിപുലമായ പദ്ധതികളാണ് ആവിഷ്ക്കരിച്ചിരിക്കുന്നത്. പകർച്ചവ്യാധി നിയന്ത്രിക്കുന്നതിനും ശുചീകരണ പ്രവർത്തനങ്ങൾക്കുമായി ജനപ്രതിനിധികൾ ചെയർമാന്മാരായിട്ടുള്ള വാർഡ്തല ഹെൽത്ത് & സാനിറ്റേഷൻ കമ്മിറ്റികൾക്ക് 10,000/- രൂപ വീതം നൽകുകവഴി കേരളത്തിലെ 16,000-ൽപ്പരം വരുന്ന വാർഡുകൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചുവരികയാണ്. ഹെൽത്ത് ഇൻസ്പെക്ടർമാർ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർ, ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്, ആശാവർക്കർമാർ, മറ്റ് ആരോഗ്യ സന്നദ്ധപ്രവർത്തകർ എന്നിവരുടെ നേതൃത്വത്തിൽ വീടുവീടാന്തരം കയറിയിറങ്ങി ബോധവത്ക്കരണ-പ്രതിരോധ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഓരോ ജില്ലയിലും 15 മുതൽ 25 വരെ ഹെൽത്ത് ഇൻസ്പെക്ടർമാരെ തസ്തികയ്ക്കുപുറമേ കരാർ അടിസ്ഥാനത്തിൽ നിയമിച്ച് പ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തി. ഇത്തരം പ്രവർത്തനങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ മുൻകൈ എടുത്ത് വിലയിരുത്തിയിട്ടുണ്ട്. കുടിവെള്ള സ്രോതസ്സുകൾ ശുചീകരിക്കുന്നതിന് ബ്ലീച്ചിംഗ് പൗഡർ ഉപയോഗിച്ച് ക്ലോറിനേഷൻ പ്രവർത്തനങ്ങളും കൊതുകുകളുടെ ഉറവിട നശീകരണവും ഫോഗിംഗ്, സ്പ്രേയിംഗ് തുടങ്ങിയ പ്രവർത്തനങ്ങളും നടന്നുവരുന്നു. കിടത്തിചികിത്സ സംവിധാനമുള്ള ആശുപത്രികൾ മുതൽ മെഡിക്കൽ കോളേജുകൾ വരെ ഫീവർ വാർഡുകൾ സജ്ജീകരിച്ചിട്ടുണ്ട്. പനിയുമായി വരുന്ന രോഗികളെ പ്രത്യേകമായി പരിചരിക്കാനും നിരീക്ഷിക്കുവാനും ഡോക്ടർമാരെയും നഴ്സുമാരെയും മറ്റ് ജീവന

ക്കാരെയും നിയോഗിച്ചിട്ടുണ്ട്. എല്ലാ ആശുപത്രികളിലും ആവശ്യത്തിന് മരുന്ന് ലഭ്യമാക്കി. പനിബാധിത പ്രദേശങ്ങളിൽ അലോപ്പതി, ഹോമിയോ, ആയൂർവേദ, യുനാനി, സിദ്ധ വിഭാഗങ്ങളുടെ നേതൃത്വത്തിൽ മെഡിക്കൽ ക്യാമ്പുകളും സംഘടിപ്പിച്ചുവരുന്നുണ്ട്. ആലപ്പുഴ ജില്ലയിലെ കൈനകരി പഞ്ചായത്തിൽ കോളറ റിപ്പോർട്ട് ചെയ്യപ്പെട്ടപ്പോഴും തിരുവനന്തപുരം ജില്ല യിലെ വിഴിഞ്ഞത്ത് മലേറിയ റിപ്പോർട്ട് ചെയ്യപ്പെട്ടപ്പോഴും ആരോഗ്യവകുപ്പ് ശക്തമായി ഇടപെടുകയും പ്രതിരോധ-ചികിത്സാ നടപടികൾ സ്വീകരിക്കു കയും ചെയ്തതിനാൽ ഇവ പൂർണ്ണമായും നിയന്ത്രിക്കാനായിട്ടുണ്ട്. പകർച്ചവ്യാധികൾ വരുമ്പോൾ തദ്ദേശഭരണ സ്ഥാപനങ്ങളുടേയും ബഹുജനങ്ങളുടേയും നേതൃത്വത്തിൽ ആരോഗ്യവകുപ്പും മറ്റു ഡിപ്പാർട്ടുമെന്റുകളുമായി യോജിച്ചുനടത്തുന്ന രോഗപ്രതിരോധ പ്രവർത്തനങ്ങളും രോഗം വന്നാൽ സർക്കാർ ആശുപത്രികളിൽ ചികിത്സിക്കാനാവശ്യമായ സൗകര്യങ്ങളും സംവിധാനവുമാണ് ഉണ്ടാകേണ്ടത്. ഡോക്ടർമാരുടേയും നേഴ്സുമാരുടേയും അപര്യാപ്തതയ്ക്ക് ഇപ്പോൾ പരിഹാരമുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. നാഷണൽ റൂറൽ ഹെൽത്ത് മിഷന്റെ ഫണ്ടുപയോഗിച്ച് വടക്കൻ ജില്ലകളിൽ ഒഴിഞ്ഞുകിടക്കുന്ന ഡോക്ടർമാരുടേയും നേഴ്സുമാരുടേയും തസ്തികകളിൽക്കൂടി ജൂൺ-ജൂലൈ മാസങ്ങളിൽ നിയമനം നടത്താൻ സാധിക്കുന്നതാണ്. മലിനീകരണം നിയന്ത്രിക്കുന്നതിനും പകർച്ചവ്യാധികൾ പടരാതിരിക്കുന്നതിനുമായി തദ്ദേശസ്വയംഭരണ വകുപ്പും ആരോഗ്യവകുപ്പും ജലവിഭവ വകുപ്പും സംയുക്തമായി ചർച്ചചെയ്ത് ഒരു ആക്ഷൻപ്ലാൻ തയ്യാറാക്കുകയും അത് താഴെത്തട്ടിലേയ്ക്ക് നൽകുകയും ചെയ്തിട്ടുണ്ട്. ഇതൊരു ടീംവർക്കായി നടത്തിയാൽ മാത്രമേ എല്ലാ പഞ്ചായത്തുകളിലും

മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും ഇത് വിജയിപ്പിക്കാൻ കഴിയുകയുള്ളൂവെന്ന് സഭയെ മന്ത്രി അറിയിച്ചു. മാലിന്യ സംസ്ക്കരണത്തിന് ആവശ്യമായ സ്ഥലം കിട്ടുന്നില്ലെന്നുള്ളതും ജനങ്ങളുടെ എതിർപ്പുകൊണ്ട് സംസ്ക്കരണ പരിപാടി ഫലപ്രദമാകുന്നില്ലെന്നുള്ളതുമാണ് ഇതിന്റെ പ്രധാന കാരണമെന്നും പ്രശ്നത്തിന്റെ ഗൗരവം കണക്കിലെടുത്ത് മാലിന്യ സംസ്ക്കരണത്തിന് ആവശ്യമായ നടപടി സ്വീകരിച്ചുവരികയാണെന്നും തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി അറിയിച്ചു. ജലജന്യവും കൊതുകുജന്യവുമല്ലാത്ത മറ്റു രോഗങ്ങൾക്കുള്ള പ്രതിവിധി കണ്ടുപിടിക്കുന്നതിന് ഇന്ന് മെഡിക്കൽ യൂണിവേഴ്സിറ്റികളിൽ ഗവേഷണ മേഖലയ്ക്കാണ് ഏറ്റവുമധികം പ്രാധാന്യം കൊടുക്കുന്നത്. ജലത്തിലെ ക്വാളിഫോം ബാക്ടീരിയയുടെ അളവ് കുറയുന്നതുമൂലമുണ്ടാകുന്ന ജലജന്യ രോഗങ്ങൾ തടയുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ കഴിയുമോയെന്ന് പരിശോധിക്കുന്നതാണ്. രോഗ പ്രതിരോധ പ്രവർത്തനങ്ങൾ കേരളത്തിൽ ധാരാളമായി നടക്കുന്നുണ്ടെങ്കിലും അത് ഉദ്ദേശിച്ചത്ര വിജയിക്കാത്തതുകൊണ്ടാണ് പകർച്ചവ്യാധികൾ പടർന്നുപിടിക്കുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങൾ മുൻകൈ എടുത്ത് ജനപ്രതിനിധികളേയും എല്ലാ ഡിപ്പാർട്ടുമെന്റുകളേയും ഏകോപിപ്പിച്ച് പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുകയാണെങ്കിൽ അതിന് ആരോഗ്യവകുപ്പിൽ നിന്നും ആവശ്യമായ സഹായം നൽകുന്നതാണ്. ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ പകർച്ചവ്യാധികളുണ്ടാകാനിടയാക്കുന്ന സാഹചര്യങ്ങൾ സംബന്ധിച്ച് സ്കൂൾ, കോളേജ് തലങ്ങളിൽ വ്യാപകമായ പ്രചരണ പ്രവർത്തനങ്ങൾ നടത്തുകയും രോഗപ്രതിരോധ പ്രവർത്തനത്തിന്റെ ആവശ്യകത സംബന്ധിച്ച്

കുട്ടികളെ പഠിപ്പിക്കുകയും ചെയ്യുന്നുണ്ട്. കൈനകരി, കുട്ടനാടൻ പ്രദേശങ്ങളിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് 73 ലക്ഷം രൂപ നൽകാൻ ഇപ്പോൾ തീരുമാനിച്ചിട്ടുണ്ട്. കുട്ടനാടൻ മേഖലയിലെ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനായി 180 കോടി രൂപയുടെ പദ്ധതി ഗവൺമെന്റ് തയ്യാറാക്കിയിട്ടുണ്ടെന്നും തണ്ണീർമുക്കം ബണ്ടിന്റേയും തോട്ടപ്പള്ളി സ്പിൽവേയുടേയും നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് കുട്ടനാട്ടിലെ കുടിവെള്ള പ്രശ്നം പരിഹരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും ഒരു ഉപചോദ്യത്തിനു മറുപടിയായി ജലവിഭവ വകുപ്പുമന്ത്രി അറിയിച്ചു. ആലപ്പുഴ ജില്ലയിലെ തീരപ്രദേശങ്ങളെ പകർച്ചവ്യാധികളിൽ നിന്നും രക്ഷിക്കുന്നതിന് ഒരു സ്പെഷ്യൽ പാക്കേജോ കേന്ദ്ര ഗവൺമെന്റ് സഹായമോ ലഭ്യമാക്കാൻ കഴിയുമോയെന്ന് പരിശോധിക്കുന്നതാണ്. ആലപ്പുഴ മെഡിക്കൽ കോളേജിനോടനുബന്ധിച്ചുള്ള നാഷണൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം വിപുലപ്പെടുത്തേണ്ടതുണ്ട്. സംസ്ഥാനത്ത് ഒരു എപ്പിഡമിക് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാൻ സാധ്യതയുണ്ടോയെന്നുള്ളത് പരിശോധിക്കുന്നതാണ്. മലയോര മേഖലയിലെ പല സ്ഥലങ്ങളിലും സഞ്ചരിക്കുന്ന മൊബൈൽ യൂണിറ്റുകളും ഞാറയ്ക്കൽ, വൈപ്പിൻ, കുട്ടനാട്, കൈനകരി പ്രദേശങ്ങളിൽ 24 മണിക്കൂറും സേവനം ലഭിക്കുന്ന രണ്ട് ഫ്ളോട്ടിംഗ് ഡിസ്പെൻസറികളും പ്രവർത്തിക്കുന്നുണ്ട്. ആദിവാസി മേഖലകളിലും കൂടുതൽ മൊബൈൽ യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. പേരാവൂർ, കണിച്ചാർ തുടങ്ങിയ പ്രദേശങ്ങളിൽ മൊബൈൽ യൂണിറ്റുകൾ ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. സംസ്ഥാനത്ത് ഇതുവരെ പന്നിപ്പനി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ലെന്നും തൃശ്ശൂരിലും വലിയതുറയിലും മലേറിയ റിപ്പോർട്ട്

ചെയ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ മലേറിയ വരാതിരിക്കാൻ എന്ത് ചെയ്യാൻ കഴിയുമെന്ന് ആരോഗ്യ വകുപ്പ് പരിശോധിക്കുന്നതാണെന്നും മേജർ ആശുപത്രികളിലെ ജൈവ മാലിന്യങ്ങൾ സംസ്ക്കരിച്ച് വളമായോ മറ്റു തരത്തിലോ ഉപയോഗിക്കാൻ കഴിയുന്ന തരത്തിലുള്ള പദ്ധതിക്ക് രൂപംകൊടുക്കണമെന്ന നിർദ്ദേശം പരിഗണിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

9 (*62) <u>ആശുപത്രികളുടെ നവീകരണവും കാര്യക്ഷമതയും</u>

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ താലൂക്ക് ആശുപത്രികൾ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ, പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ എന്നിവ നവീകരിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനുമുള്ള പദ്ധതികൾ നടപ്പാക്കി വരികയാണെന്ന് സഭയെ അറിയിച്ചു. ദേശീയ പൊതുജനാരോഗ്യ മാനദണ്ഡമനുസരിച്ചുള്ള നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ 115 സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വിപുലീകരിച്ചുകൊണ്ടിരിക്കുകയാണ്. ഇതിൽ 60 എണ്ണത്തിന്റെ നവീകരണം പൂർത്തിയാവുകയും 30 എണ്ണത്തിന്റെ ഉദ്ഘാടനം കഴിയുകയും 45 എണ്ണത്തിന്റെ നവീകരണ പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലുമാണ്. 2009 സെപ്റ്റംബർ മാസത്തോടുകൂടി 115 സാമൂഹികാരോഗ്യകേന്ദ്രങ്ങളിലേയും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിക്കുകയാണ്. നവീകരണപ്രവർത്തനം പൂർത്തിയാകുന്ന സി.എച്ച്.സി.കളിലേയ്ക്ക് ആവശ്യമായ ഫർണിച്ചറുകളും ഉപകരണങ്ങളും നൽകിവരുന്നു. ഈ സി.എച്ച്.സി.കളിൽ ആവശ്യമായ

ഡോക്ടർമാരെയും മറ്റ് ജീവനക്കാരെയും ദേശീയ ഗ്രാമീണാരോഗ്യ ദൗത്യം മുഖേന നിയമിക്കും. 11 താലൂക്ക് ആശുപത്രികളുടെയും 11 പ്രാഥമികാരോഗ്യകേന്ദ്രങ്ങളുടെയും നവീകരണവും ദേശീയ ഗ്രാമീണാരോഗ്യ ദൗത്യം മുഖേന നടപ്പാക്കി വരുന്നു. സുനാമി പുനരധിവാസ പദ്ധതി പ്രകാരം 18 താലൂക്കാശുപത്രികളുടെയും 10 സാമൂഹികാരോഗ്യ കേന്ദ്രങ്ങളുടെയും 72 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെയും അടിസ്ഥാന സൗകര്യങ്ങൾ വിപുലീകരിച്ചുകൊണ്ടിരിക്കുകയാണ്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട്, ആർ.എസ്.വി.വൈ ഫണ്ട്, ജനപ്രതിനിധികളുടെ പ്രാദേശിക വികസന ഫണ്ട്, ആശുപത്രി വികസന സമിതികളുടെ ഫണ്ട് എന്നിവയും അടിസ്ഥാന സൗകര്യ വികസനത്തിനുവേണ്ടി ഉപയോഗിക്കുന്നു. സംസ്ഥാനത്തെ ആരോഗ്യ സ്ഥാപനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ഗുണനിലവാരം ഉയർത്തുന്നതിനുമുള്ള സ്റ്റാൻഡർഡൈസേഷന്റെ ഭാഗമായി 7 ആശുപത്രികളെ സ്പെഷ്യാലിറ്റി ആശുപത്രികളായും ഒരു ആശുപത്രിയെ ജില്ലാ ആശുപത്രിയായും 22 ആശുപത്രികളെ താലൂക്ക് ആശുപത്രികളായും 115 പി.എച്ച്.സി.കളെ സി.എച്ച്.സി.കളായും 48 പി.എച്ച്.സി. കളെ 24 മണിക്കൂറും പ്രവർത്തിക്കുന്ന ആശുപത്രികളായും ഉയർത്തിയിട്ടുണ്ട്. എൻ.എ.ബി.എച്ച്. അക്രഡിറ്റേഷൻ ലഭ്യമാക്കുന്നതിന് 18 ആശുപത്രികളെ തെരഞ്ഞെടുത്തിട്ടുണ്ട്. ഇവയുടെ വികസന പ്രവർത്തനങ്ങളും നടന്നുവരികയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുള്ള സ്ഥാപനങ്ങളുടെ വികസന പ്രവർത്തനങ്ങൾ അവരുടെ പ്ലാൻ ഫണ്ട് കൂടി ഉപയോഗിച്ച് മെച്ചപ്പെട്ട രീതിയിൽ നടന്നുവരുന്നു. കൂടാതെ എൻ.ആർ.എച്ച്.എം. മുഖേന പ്രാഥ

മികാരോഗ്യ കേന്ദ്രങ്ങൾക്ക് ഉപാധിരഹിത ഫണ്ടായി 25,000 രൂപ വീതവും വാർഷിക അറ്റകുറ്റപ്പണികൾക്കായി 50,000 രൂപ വീതവും സി.എച്ച്.സി .കൾക്കും 24 മണിക്കൂറും പ്രവർത്തിക്കുന്ന പി.എച്ച്.സി.കൾക്കും ഉപാധി രഹിത ഫണ്ടായി 50,000 രൂപ വീതവും വാർഷിക അറ്റകുറ്റപ്പണികൾക്കായി 1,00,000 രൂപ വീതവും അനുവദിച്ചു. ആശുപത്രി മാനേജുമെന്റ് കമ്മിറ്റി കൾക്ക് സി.എച്ച്.സി.കൾക്കും പി.എച്ച്.സി.കൾക്കും 1,00,000 രൂപ വീതവും താലൂക്കാശുപത്രികൾക്ക് 5,00,000 രൂപ വീതവും വികസന ഫണ്ടായി നൽകുന്നു. സംസ്ഥാനത്തെ മുഴുവൻ സബ്സെന്ററുകൾക്കും 10,000 രൂപ വീതം ഉപാധിരഹിത ഫണ്ടും സ്വന്തമായി കെട്ടിടമുള്ള സബ്സെന്ററുകൾക്ക് വാർഷിക അറ്റകുറ്റപ്പണികൾക്കായി 10,000 രൂപവീതം ഗ്രാന്റും നൽകുന്നു. തദ്ദേശഭരണ സ്ഥാപനങ്ങളുടെ തലവൻ അദ്ധ്യക്ഷനായുള്ള കമ്മിറ്റികൾക്കാണ് ഈ ഫണ്ട് വിനിയോഗിക്കുവാനുള്ള പൂർണ്ണമായ അധികാരം. ആശുപത്രിക ളുടെ വികസനത്തിനനുയോജ്യമായ തരത്തിൽ അവർക്ക് യഥേഷ്ടം ഈ ഫണ്ട് വിനിയോഗിക്കാവുന്നതാണ്. സർക്കാർ ആശുപത്രികളിലെ കാര്യക്ഷ മതയും ഗുണനിലവാരവും വർദ്ധിപ്പിച്ച് പാവപ്പെട്ട രോഗികൾക്ക് ഏറ്റവും മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് സർക്കാർ നടപ്പാക്കുന്നതെന്ന് മന്ത്രി സഭയെ അറിയിച്ചു. ഓരോ നിയോജകമണ്ഡലത്തിലും നടക്കുന്ന ആരോഗ്യ ക്യാമ്പിൽ റേഡിയോ ഡയഗ്നോസിസ്റ്റ് ഉൾപ്പെടെയുള്ള വിദഗ്ദ്ധർ പങ്കെടുത്ത് പരിശോധിക്കുന്ന സംവിധാനമുണ്ടാക്കുകയും മെഡിക്കൽ കോളേജുകളുമായി ബന്ധപ്പെട്ട് ജില്ലകളിൽ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുയും ഏർലി ഡിറ്റക്ഷൻ

പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നുണ്ട്. ക്യാൻസർ രോഗം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഇത് ആദ്യമേതന്നെ കണ്ടുപിടിച്ച് ചികിത്സിക്കാനാവശ്യമായ സംവിധാനമുണ്ടാകേണ്ടതുണ്ട്. മേജർ ആശുപത്രികളിൽ മുമ്പ് ഉണ്ടായിരുന്ന എച്ച്.എം.സി.ക്കു പുറമെ ആ പ്രദേശത്തെ പൗരസമിതിയും മറ്റും ചേർന്നുകൊണ്ടുള്ള സൗഹൃദ സമിതികൾ രൂപീകരിച്ചാൽ രോഗികൾക്ക് കൂട്ടിരിക്കുന്നവർക്കാവശ്യമായ പേ ആൻഡ് യൂസ് സൗകര്യങ്ങൾ ഏർപ്പെടുത്താൻ കഴിയും. ആശുപത്രികളിൽ കൂടുതൽ സീറ്റിംഗ് അറേഞ്ചുമെന്റിന് എന്തുചെയ്യാൻ കഴിയുമെന്നുള്ളത് പരിശോധിക്കുന്നതാണ്. കാസർഗോഡ് മണ്ഡലത്തിലെ പുത്തൂരിലെ പി.എച്ച്.സി.യുടെ ശോചനീയസ്ഥിതി സംബന്ധിച്ച് അവിടുത്തെ ഡി.എം.ഒ.യെ അറിയിച്ച് നടപടി സ്വീകരിക്കുന്നതാണെന്നും മഞ്ചേരി ജില്ലാ ആശുപത്രി കെട്ടിടത്തിന്റെ മൂന്നുനിലകൾ പ്രവർത്തനക്ഷമമാക്കുന്നതിനാവശ്യമായ ഒരു കോടി രൂപ അനുവദിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

10 (* 63) <u>മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷ</u>

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ) നൽകിയ മറുപടിയിൽ, മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷ പരിഗണിച്ച് ഐ.ഐ.റ്റി. റൂർക്കി മുഖാന്തിരം ഭൂകമ്പ സാധ്യതാ പഠനവും, ഐ.ഐ.റ്റി. ഡൽഹി probable maximum flood പഠനവും നടത്തിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. ഐ.ഐ.റ്റി. റൂർക്കി നടത്തിയ ഭൂകമ്പ സാധ്യതാ പഠനത്തിൽ മുല്ലപ്പെരിയാർ ഡാം സ്ഥിതിചെയ്യുന്നത് 'Seismic Zone III'-ൽ ആണെന്നും അവിടെ ഭൂകമ്പസാധ്യത ഉണ്ടെന്നും കണ്ടെത്തി. ആയതിനാൽ 110 വർഷം

പഴക്കമുള്ള 'Lime surki'-യിൽ പണിത മുല്ലപ്പെരിയാർ ഡാം വലിയ ഭൂചലനത്തിന് വിധേയമാകുന്നപക്ഷം തകരാൻ സാധ്യതയുള്ളതും തദ്വാരാ ജനങ്ങളുടെ ജീവനും സ്വത്തിനും അപകട സാധ്യതയുണ്ടെന്നും പ്രസ്തുത റിപ്പോർട്ട് വിലയിരുത്തുന്നു. ഐ.ഐ.റ്റി. ഡൽഹി നടത്തിയ probable maximum flood (PMF) പഠന റിപ്പോർട്ട് പ്രകാരം മുല്ലപ്പെരിയാർ ഡാമിന്റെ PMF 8248 cumecs (2.91 ലക്ഷം cusecs) ആണ്. പ്രസ്തുത പഠനത്തിന്റെ അടിസ്ഥാനത്തിൽ മുല്ലപ്പെരിയാർ ഡാം 'Hydrologically unsafe' എന്നാണ് ഐ.ഐ.റ്റി. ഡൽഹി വിലയിരുത്തിയിട്ടുള്ളത്. ഈ വിലയിരുത്തലുകൾ ഉൾക്കൊള്ളുന്ന രണ്ട് പഠന റിപ്പോർട്ടുകളും സുപ്രീം കോടതിയിൽ നിലവിലുള്ള മുല്ലപ്പെരിയാർ ഡാം കേസിൽ additional documents ആയി ഫയൽ ചെയ്തിട്ടുണ്ട്. ഡാമിന്റെ ഉൾഭിത്തിയിലെ നിരവധി സ്ഥലങ്ങളിൽ സിമന്റ് പ്ലാസ്റ്ററിംഗ് ഇളകിമാറി ഉണ്ടായിട്ടുള്ള വിടവുകൾ ഡാമിലെ ജലനിരപ്പ് താണപ്പോൾ ദൃശ്യമായതായി റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് ആഭ്യന്തരവകുപ്പിൽ നിന്നും ലഭിച്ച ഇന്റലിജൻസ് റിപ്പോർട്ടിന്റെ വെളിച്ചത്തിൽ ഡാമിൽ ഉണ്ടായിട്ടുള്ള വിടവുകൾ പരിശോധിക്കുന്നതിനായി രൂപീകരിച്ച ശ്രീമതി ലതിക, ചീഫ് എൻജിനീയർ (ഐ&എ), ശ്രീ. പരമേശ്വരൻനായർ, മുല്ലപ്പെരിയാർ സ്പെഷ്യൽ സെൽ ചെയർമാൻ, ശ്രീ. ശശിധരൻ, ചീഫ് എൻജിനീയർ, (റിട്ട) കെ.എസ്.ഇ.ബി. എന്നിവരടങ്ങിയ വിദഗ്ധ സമിതി മുല്ലപ്പെരിയാർ ഡാം സന്ദർശിച്ച് സർക്കാരിൽ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഡാമിന്റെ ഉൾഭിത്തിയിൽ നിരവധി സ്ഥലങ്ങളിൽ സിമന്റ് പ്ലാസ്റ്ററിംഗ് ഇളകിയത് മൂലവും ജോയിന്റിൽ കൂടിയുള്ള മോർട്ടാറിന്റെ

നഷ്ടവും നിമിത്തം ജലനിരപ്പ് ഉയരുന്നതനുസരിച്ച് കൂടുതൽ ചോർച്ച ഉണ്ടാകുന്നതുകൊണ്ട് ഡാം അതീവ ഗുരുതരമായ അപകടാവസ്ഥയിൽ ആണെന്ന് വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി പ്രസ്തുത വിവരം ഈ റിപ്പോർട്ടിന്റെ പകർപ്പ് സഹിതം തമിഴ്നാട് മുഖ്യമന്ത്രിയുടേയും പ്രധാനമന്ത്രിയുടേയും ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഡാമിന്റെ സുരക്ഷ സംശയകരമായ സാഹചര്യത്തിൽ പുതിയ അണക്കെട്ട് നിർമ്മിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ ഇടപെടലിന് സമ്മർദ്ദം ചെലുത്തിക്കൊണ്ടിരിക്കുന്നുണ്ട്. പുതിയ ഡാം നിർമ്മിക്കുന്നതിനുള്ള ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന്റെ ഭാഗമായി ആദ്യത്തെ മൂന്നു കിലോമീറ്റർ റിവർ സർവ്വേ പൂർത്തീകരിച്ചിട്ടുണ്ട്. അവശേഷിക്കുന്ന നാല് കിലോമീറ്റർ റിവർ സർവ്വേ ഏതാണ്ട് ഒരു മാസത്തിനുള്ളിൽ പൂർത്തീകരിക്കും. അവശേഷിക്കുന്ന സർവ്വേ പൂർത്തീകരിക്കുന്നതിനാവശ്യമായ ബോർ ഹോൾസ് എടുക്കേണ്ട ആവശ്യമുള്ളതിനാൽ അതിന്റെ പെർമിഷനുവേണ്ടി സംസ്ഥാന വനം വകുപ്പ്, കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തോടും വൈൽഡ് ലൈഫ് ബോർഡി നോടും അപേക്ഷിച്ചിട്ടുണ്ട്. 2008-ൽ മുല്ലപ്പെരിയാറിൽ ആരംഭിച്ച അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നേതൃത്വത്തിലുള്ള സബ് ഡിവിഷൻ ഓഫീസ് മുല്ലപ്പെരിയാറിന്റെ ദൈനംദിന പ്രശ്നങ്ങളെല്ലാം വിലയിരുത്തി ഗവൺമെന്റിന് യഥാസമയം റിപ്പോർട്ട് ചെയ്യുന്നുണ്ട്. ഡിസാസ്റ്റർ മാനേ ജ്മെന്റ് വകുപ്പ് മുൻകരുതൽ നടപടികൾ എന്ന നിലയിൽ ഒരു ആക്ഷൻ പ്ലാൻ ഇതിനോടകം തയ്യാറാക്കിയിട്ടുണ്ട്. ഉത്ക്കണ്ഠാജനകമോ അല്ലെങ്കിൽ ആപൽക്കരമോ ആയ അവസ്ഥയിൽ സ്വീകരിക്കേണ്ട ഡിസാസ്റ്റർ മാനേജ്മെന്റ് പ്രികോഷൻസെല്ലാം സ്വീകരിച്ചിട്ടുണ്ട്. കേരളത്തിലെ

ജലസേചന/ജലസംരക്ഷണ നിയമപ്രകാരം ഡാം സേഫ്റ്റി അതോറിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഡാം ഡീ കമ്മീഷൻ ചെയ്യുന്നതടക്കമുള്ള നടപടികളിലേക്ക് പോകാൻ കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ആക്ട് അനുസരിച്ച് കേരളത്തിന് അധികാരവും അവകാശവുമുണ്ടെങ്കിലും ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ പരിഗണനയിലിരിക്കുന്ന വിഷയമായതിനാലും രണ്ട് സംസ്ഥാനങ്ങൾ തമ്മിലുള്ള പ്രധാനപ്പെട്ട തർക്കപ്രശ്നമെന്ന നിലയിലും സമവായത്തിലൂടെ അല്ലെങ്കിൽ കോടതി വിധിയിലൂടെ പരിഹാരം കണ്ടെത്താനാണ് ഗവൺമെന്റ് ശ്രമിക്കുന്നത്. ഡാം സുരക്ഷാ നിയമത്തിനെതിരായി തമിഴ്നാട് സുപ്രീംകോടതിയിൽ പോയ കേസ് അവസാന വാദത്തിനുവേണ്ടി വച്ചിരിക്കുകയാണ്. സുപ്രീംകോടതിയുടെ പരിഗണനയിൽ ഇരിക്കുന്ന വിഷയം അന്തിമവാദത്തിലേയ്ക്ക് കടന്നിട്ടുള്ള സാഹചര്യത്തിൽ ഗവൺമെന്റ് പ്രഖ്യാപിച്ച സേഫ്റ്റി മെഷേഴ്സ് ഇപ്പോൾ നടപ്പാക്കുന്നത് കേസിനേയും അതുപോലെ സംസ്ഥാനത്തിന്റെ താൽപര്യത്തേയും പ്രതികൂലമായി ബാധിക്കുമെന്നുള്ളതുകൊണ്ട് ആ നടപടികളിലേക്ക് പോകാനോ ഡാം സ്ട്രെങ്ത്തൻ ചെയ്യാനോ ഗവൺമെന്റ് ആഗ്രഹിക്കുന്നില്ലെന്നും ലീസ് ഡീഡിന്റെ വാലിഡിറ്റി അടക്കമുള്ള 13 ഇഷ്യൂസ് ഡിസ്ക്കസ് ചെയ്യുന്ന സമഗ്രമായിട്ടുള്ള വിധിയായിരിക്കും ഉണ്ടാകുന്നതെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി. .

11 (*64) <u>2010-ലെ ദേശീയ ഗെയിംസ്</u>

നിയമവും പാർലമെന്ററികാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) നൽകിയ മറുപടിയിൽ, 2010-ലെ ദേശീയ ഗെയിംസിന്റെ വിജയകരമായ നടത്തിപ്പിനായി

24-11-2008-ലെ ഉത്തരവു പ്രകാരം "നാഷണൽ ഗെയിംസ് സെക്രട്ടറിയേറ്റ്" സൊസൈറ്റിയായി രജിസ്റ്റർ ചെയ്ത് പ്രവർത്തനം നടത്തി വരുന്നതായും വിവിധ മേഖലകളിൽ പ്രാവീണ്യമുള്ളവരെ ഉൾപ്പെടുത്തി ഗെയിംസ് ഓർഗ നൈസിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുള്ളതായും സഭയെ അറിയിച്ചു. തിരുവന ന്തപുരം, കൊല്ലം, ആലപ്പുഴ, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ ജില്ലക ളിലെ വിവിധ വേദികളിൽ ഗെയിംസിനങ്ങൾ നടത്താനാണ് തീരുമാനിച്ചിട്ടു ള്ളത്. സ്റ്റേഡിയങ്ങളുടെ നിർമ്മാണത്തിനു പുറമെ നിലവിലുള്ള സ്റ്റേഡിയ ങ്ങളും അടിസ്ഥാന സൗകര്യങ്ങളും പുനരുദ്ധരിക്കേണ്ടതുണ്ട്. ഇതിനായി എസ്റ്റിമേറ്റുകൾ തയ്യാറാക്കി ടെണ്ടർ വിളിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. നാഷണൽ ഗെയിംസ് നടത്തുന്നതിനായി സംസ്ഥാനത്തെ നിലവി ലുള്ള അടിസ്ഥാന സൗകര്യങ്ങൾ കൂടാതെ വിവിധ സായി കേന്ദ്രങ്ങളും പുനരുദ്ധരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. സ്റ്റേഡിയങ്ങൾ നവീകരിക്കുന്നതോ ടൊപ്പം സ്റ്റേഡിയങ്ങളിലേയ്ക്കുള്ള റോഡുകളും പുനർ നിർമ്മിക്കുന്നതിനും ആവശ്യമുള്ള ഉപകരണങ്ങളും സാധന സാമഗ്രികളും വാങ്ങുന്നതിനും ഉദ്ദേശിക്കുന്നു. 530.36 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന 35-ാമത് ദേശീയ ഗെയിംസിന്റെ നടത്തിപ്പിനായി 220 കോടി രൂപ കേന്ദ്രസർക്കാർ നൽകുമെ ന്നാണ് പ്രതീക്ഷിക്കുന്നത്. ഇതു കൂടാതെ കേരളത്തിലെ വിവിധ സായി കേന്ദ്രങ്ങൾ സായിയുടെ സഹായത്തോടുകൂടി പുനരുദ്ധരിക്കുന്നതാണ്. ദേശീയ ഗെയിംസ് മത്സര ഇനങ്ങളിലേയ്ക്കുള്ള കേരള ടീം അംഗങ്ങളെ അടിയന്തിരമായി തെരഞ്ഞെടുത്ത് വിദഗ്ദ്ധ പരിശീലനം നൽകുന്നതിനായി ഒളിമ്പ്യൻ സുരേഷ് ബാബുവിന്റെ സേവനം ഉറപ്പാക്കിയിട്ടുണ്ട്. ദേശീയ

ഗെയിംസിന് മുന്നോടിയായി കേരള ഗെയിംസ് സംഘടിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നതായി സഭയെ മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 499 മുതൽ 747 വരെയുള്ള ചോദ്യങ്ങളിൽ 132 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)

..................